# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 720 11.06.2014 ൽ മറുപടിക്ക്

## കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം താലൂക്ക് ആശുപത്രികളിൽ യൂണിറ്റുകൾ ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ ; | (എ) | തൊടുപുഴ, നിലമ്പൂർ, ഒറ്റപ്പാലം എന്നീ താലൂക്ക് ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത്. |
| (ബി) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ നാളിതു വരെയായിട്ടും ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ; | (ബി) | സ്ഥലപരിമിതി കാരണം അനുവദിച്ച ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ട്രോമാ കെയർ യൂണിറ്റിനും കാഷ്വാലിറ്റിക്കുമുള്ള പുതിയ ബ്ലോക്ക് ആരംഭിക്കുന്നമുറയ്ക്ക് പഴയ കെട്ടിടത്തിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. |
| (സി) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ അടിയന്തിരമായി ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ ? | (സി) | ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ, ജീവനക്കാരുടെ തസ്തികകൾ എന്നിവ അനുവദിക്കുന്നതു സംബന്ധിച്ച ഒരു പൊതുവായ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ